**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 228** **22-01-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജി ചെറിയാൻ,<br>ശ്രീ. എസ്. ശർമ്മ,<br>ശ്രീ എം. രാജഗോപാലൻ,<br>ശ്രീ. വി.ജോയി** | | **Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മന്ത്രിതലത്തിൽ ബോർഡുകളുടെ അവലോകന യോഗങ്ങൾ പ്രത്യേകമായി ചേരുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നു. കൂടാതെ ലേബർകമ്മീഷണറും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ്/സെക്രട്ടറിമാരുടെ യോഗം വിളിച്ചു ചേർത്ത് ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തി മെച്ചപ്പെടുത്തുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബോർഡുകളുടെ പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനായി കമ്പ്യൂട്ടറൈസേഷനും ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ അടക്കമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ബോർഡുകൾ നൽകുന്ന ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിച്ച് കൂടുതൽ തൊഴിലാളികളെ ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചു. തൊഴിൽ വകുപ്പിന്റെ കീഴിൽ വരുന്ന 16 ക്ഷേമനിധി ബോർഡുകളിലും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ വിവരങ്ങൾ അവരുടെ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ കൂട്ടിച്ചേർത്ത് ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതിയായ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | അംശദായവും തൊഴിലുടമാവിഹിതവും കാലോചിതമായി വർദ്ധിപ്പിച്ച് ക്ഷേമനിധി ബോർഡുകളെ സാമ്പത്തികമായി | (ബി) | വിവിധ ക്ഷേമനിധി ബോർഡുകളിൽ വർദ്ധിപ്പിച്ച അംശദായം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | ശക്തിപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | | |
| (സി) | ഈ സർക്കാർ കാലയളവിൽ ക്ഷേമനിധി ബോർഡുകളിൽ അംഗത്വം എടുത്തവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഉണ്ട്. വിശദാംശംങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |
| (ഡി) | ട്രേഡ് യൂണിയൻ സംഘടനകൾക്കിടയിൽ അഭിപ്രായ രൂപീകരണം നടത്തിയതിനുശേഷം സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ ലയിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | തീരുമാനിച്ചിട്ടുണ്ട്. ബോർഡുകളുടെ ക്ഷേമപ്രവർത്തനങ്ങൾ, സാമ്പത്തിക സ്ഥിതി, ഭരണചെലവ് സംബന്ധിച്ചുള്ള സമഗ്രവിവരങ്ങൾ എന്നിവ പരിശോധിച്ച്, വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാ ളികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തികൊണ്ട് തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരം 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിനെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡുമായും, കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയെ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡുമായും, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിനെ കേരള ഷോപ്പ് ആൻറ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് തൊഴിലാളി ക്ഷേമനിധി ബോർഡുമായും കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിനെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുമായും സംയോജിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം – 1**</u>

<table>
<tr><th>ക്രമനം.</th><th>തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പേര്</th><th>നിലവിലുണ്ടായിരുന്ന അംശദായ തുക (രൂപ)</th><th>വർദ്ധിപ്പിച്ച അംശദായ തുക (രൂപ)</th></tr>
<tr><td>1</td><td>കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്</td><td colspan="2">തൊഴിലാളി, തൊഴിലുടമാ വിഹിതങ്ങൾ 50 രൂപയായി ഏകീകരിച്ചു. സ്വയം തൊഴിൽ ചെയ്യുന്നവർക്ക് തൊഴിലുടമാ വിഹിതം കൂട്ടി ചേർത്ത് 100 രൂപയായി വർദ്ധിപ്പിച്ചു.</td></tr>
<tr><td>2</td><td>കേരള തയ്യൽ തൊഴിലാളിക്ഷേമനിധി ബോർഡ്</td><td>തൊഴിലാളി വിഹിതം –20 (പ്രതിമാസം)<br>തൊഴിലുടമാ (പ്രതിമാസം) –5</td><td>50<br>25</td></tr>
<tr><td>3</td><td>കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td colspan="2">അംശദായം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു</td></tr>
<tr><td>4</td><td>കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td>24 (വാർഷികം)</td><td>180 (വാർഷികം)</td></tr>
<tr><td>5</td><td>കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td>7</td><td>15</td></tr>
<tr><td>6</td><td>കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td>20</td><td>50</td></tr>
<tr><td>7</td><td>കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td>തൊഴിലാളി–3<br>തൊഴിലുടമ –5</td><td>തൊഴിലാളി–10<br>തൊഴിലുടമ –30</td></tr>
<tr><td>8</td><td>കേരള ബീഡി – ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td colspan="2">അംശദായം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു</td></tr>
<tr><td>9</td><td>കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്.</td><td>20</td><td>50</td></tr>
<tr><td>10</td><td>കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td colspan="2">
<table>
<tr><th>വാഹന ഇനം</th><th>തൊഴിലുടമാ വിഹിതം (പ്രതിമാസം)</th><th>തൊഴിലാളി വിഹിതം (പ്രതിമാസം)</th></tr>
<tr><td><u>ടേബിൾ–1</u><br>സ്റ്റേറ്റ് ക്യാരേജ് (ഹെവി) ബസ്<br>സ്റ്റേറ്റ് ക്യാരേജ് (ലൈറ്റ് & മീഡിയം) ബസ്<br>കോൺട്രാക്ട് ക്യാരേജ് & ലക്ഷ്വറി ബസ്</td><td>1260<br>840<br>840</td><td>180<br>180<br>180</td></tr>
<tr><td><u>ടേബിൾ–2</u><br>ഗുഡ്സ് വെഹിക്കിൾ:<br>1. ഹെവി & മീഡിയം<br>2. ലൈറ്റ്</td><td>480<br>240</td><td>120<br>120</td></tr>
<tr><td><u>ടേബിൾ –3</u><br>ഒമിനി വാൻ, ക്വാളീസ്,ടെമ്പോ</td><td>120</td><td>60</td></tr>
</table>
</td></tr>
</table>

| | | | |
|---|---|---|---|
| | | ട്രാവലർ, ടാക്സി ക്യാബ് | |
| | | <u>ടേബിൾ-4</u><br>ഓട്ടോ റിക്ഷ, ട്രാക്ടർ, ട്രില്ലർ | 60 60 |
| 11 | കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ് | 20-30, 40-50 സ്ലാബുകൾ | തൊഴിലാളി വിഹിതം 100 രൂപയായി ഏകീകരിച്ചു തൊഴിലുടമാ വിഹിതം വർദ്ധിപ്പിച്ചിട്ടില്ല. |
| 12 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് (തൊഴിലാളി / തൊഴിലുടമാ വിഹിതം) | 240 (അർദ്ധ വാർഷികം) | 360 (അർദ്ധ വാർഷികം) |
| 13 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | അംശദായം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു | |
| 14 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | അംഗങ്ങളിൽ നിന്ന് (പ്രതിമാസം) - 5<br>ഭൂഉടമ വിഹിതം<br>40 ആർ- ന് മുകളിൽ 25 പൈസ | (പ്രതിമാസം) - 20<br><br>20 ആർ- നും 40 ആർ- നു ഇടയിൽ ഓരോ ആർ -നും 50 പൈസ. 40 ആർ- ന് മുകളിൽ 1 രൂപ |
| 15 | കേരള ആഭരണ തൊഴിലളി ക്ഷേമനിധി ബോർഡ് | (പ്രതിമാസം) -20 | (പ്രതിമാസം) -50 |
| 16 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | തൊഴിലാളി/തൊഴിലുടമാവിഹിതം തൊഴിലാളിയുടെ ഒരു ദിവസത്തെ വേതനത്തിന്റെ 10% | |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം – 2</u>**

| ക്രമനം. | തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പേര് | ഈ സർക്കാരിന്റെ കാലത്ത് ഉണ്ടായ വർദ്ധനവ് |
|---|---|---|
| 1 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 142040 |
| 2 | കേരള തയ്യൽ തൊഴിലാളിക്ഷേമനിധി ബോർഡ് | 99574 |
| 3 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 1196 |
| 4 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | 61652 |
| 5 | കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 18272 |
| 6 | കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് | തൊഴിലാളികൾ 399895<br>സ്ഥാപനങ്ങൾ 39585<br>സ്വയംതൊഴിൽചെയ്യുന്നവർ 9241 |
| 7 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 3405 |
| 8 | കേരള ബീഡി - ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 41 |
| 9 | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്. | 212121 |
| 10 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 194075 |
| 11 | കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ് | സ്കാറ്റേർഡ് 964<br>അൺ സ്കാറ്റേർഡ് 9396 |
| 12 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | 17534 |
| 13 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 8758 |
| 14 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 65677 |
| 15 | കേരള ആഭരണ തൊഴിലളി ക്ഷേമനിധി ബോർഡ് | 4343 |
| 16 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | വർദ്ധനവ് ഉണ്ടായിട്ടില്ല |

സെക്ഷൻ ഓഫീസർ